# സാനിയ മുസ്‌ലിമും ഇന്ത്യക്കാരിയുമാവുന്നത്

**മറിയാ** സുഹൈൽ അബ്ബാസ് എന്നൊരു പാകിസ്താൻകാരിയെ ആർക്കെങ്കിലും ഇപ്പോൾ ഓർമ യുണ്ടോ? ഒന്നര വർഷം മുമ്പേ അവൾ പത്രവാർത്തകളിൽ 'ചെറുതായി' ഇടം കണ്ടെത്തിയിരുന്നു. *മലയാള മനോരമ* എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്ബിന്റെ മകൻ അനൂപ് ജേക്കബ്ബിന്റെ ഭാര്യയാണ് ഇപ്പോൾ മറിയ. മാധ്യമങ്ങളുടെയും രാഷ്ട്രീയ നേതാക്കളുടെയും അഹമഹമികയാലു ള്ള ആശീർവാദങ്ങളോടെ 2008 ഡിസംബറിൽ നടക്കേണ്ടിയിരുന്ന ഈ തട്ടുതകർപ്പൻ വിവാഹം കോട്ടയത്തെ ജറൂസേലം മാർത്തോമ ചർച്ചിലെ വെറുമൊരു കൂദാശയിൽ ഒതുങ്ങിയതിനു പിന്നിലെ കാരണം ഒരുപക്ഷേ ഡേവിഡ് ഹെഡ്‌ലിയാണ്. മുംബൈയിൽ ഭീകരാക്രമണം നടന്നില്ലായിരുന്നുവെ ങ്കിൽ എ.കെ ആന്റണിയും വയലാർ രവിയും ഇ. അഹ്മദും അടക്കമുള്ള കേന്ദ്രനേതാക്കൾ പങ്കെ ടുക്കേണ്ടിയിരുന്ന ഈ വിവാഹചടങ്ങിന്റെ പൊലിമ കൂടുമായിരുന്നു. കോട്ടയത്തു നിന്നും പാകി സ്താനിലേക്കു തുറക്കുന്ന അയൽപക്കബന്ധങ്ങളുടെ 'മാർത്തോമൻ ടച്ചി'നെ കുറിച്ച കഥകൾ വാ യിച്ച് ഇന്ത്യ കോരിത്തരിച്ചേനെ. പക്ഷേ പൊടുന്നനെയാണ് കേന്ദ്ര ആഭ്യന്തരമന്ത്രാലയം ഫ്യൂസൂരി യത്. പെണ്ണിന്റെ അപ്പന് ലശ്കറെ ത്വയ്യിബയുടെ ആസ്ഥാനത്തെ ചിലരുമായി അടുത്ത ബന്ധമുണ്ടെ ന്ന് രഹസ്യാന്വേഷണ വിഭാഗം കേന്ദ്രമന്ത്രിമാരെ അറിയിക്കുകയായിരുന്നു. സുഹൈൽ അബ്ബാസ് ഐ.എസ്.ഐയുടെ മുൻ ഡെപ്യൂട്ടി കമ്മീഷണർ ആയിരുന്നുവെങ്കിലും ഇയാളുടെ ഉറ്റ സുഹൃത്ത് സലാഹുദ്ദീൻ, ലശ്കർ സ്ഥാപകനായ ഹാഫിസ് സഈദിന്റെ ഫിനാൻഷ്യൽ മാനേജറായിരുന്നു വത്രെ. സലാഹുദ്ദീന്റെ ഓഫീസിൽ മറിയ ജോലി ചെയ്തിട്ടുണ്ടെന്നും ഇന്ത്യൻ രഹസ്യാന്വേഷണ വകുപ്പ് കണ്ടെത്തി. മാമ്മൻ മാത്യു ദേശീയ സുരക്ഷാ സമിതി അംഗമാണെന്നോർക്കണം. കല്യാണ ച്ചടങ്ങുകളിൽ പങ്കെടുക്കാൻ കോട്ടയത്തേക്ക് വരാനിരുന്ന 30 അംഗ പാക് സംഘത്തിന് വിദേശകാ ര്യ മന്ത്രാലയം വിസ നിഷേധിച്ചു. ഒടുവിൽ മാമ്മൻ മാത്യു എം.കെ നാരായണനെ സ്വാധീനിച്ച് പെ ണ്ണിന്റെ അടുത്ത ബന്ധുക്കളായ എട്ടുപേർക്കു മാത്രം ഇന്ത്യയിലേക്ക് വിസ കൊടുപ്പിച്ചു.

ഇതിപ്പോൾ വീണ്ടുമോർക്കാൻ കാരണമുണ്ട്. ഇത്രയും അപകടകാരിയായ ഒരു ചാരസുന്ദരി കോട്ടയത്തേക്ക് ചാർച്ചക്കാരിയായി വന്നിട്ട് കുമ്മനം രാജശേഖരനു പോലും ഒരു പ്രസ്താവനയിറ ക്കാൻ തോന്നാത്ത നാടാണ് നമ്മുടേത്. സാനിയ മിർസ പാക് ക്രിക്കറ്റർ ശുഐബ് മാലികിനെ ക ല്യാണം കഴിക്കാൻ പോകുന്നുവെന്ന വാർത്ത കേട്ട് ഉറഞ്ഞു തുള്ളുന്നവരുടെ കൂട്ടത്തിൽ *മലയാള മനോരമ* പത്രവും ചാനലുമുണ്ടെന്നോർക്കുക. 'ഇന്ത്യാ-പാക് ബന്ധങ്ങളിലേക്ക് എയ്സറും സി ക്സറും പായിക്കുന്ന' താരജോഡിയായി ഈ വിവാഹത്തെ ഉയർത്തിക്കാട്ടുകയല്ല നാം ചെയ്യുന്ന ത്. ശുഐബിന്റെ 'ആദ്യ ഭാര്യ' ആയിഷയുടെ കണ്ണീരും ബാൽതാക്കറെയുടെ ഉന്മാദവുമൊക്കെയാ ണ് മിക്ക മാധ്യമങ്ങളുടെയും പ്രധാന വാർത്തകൾ. സാനിയ കല്യാണം കഴിക്കാൻ തീരുമാനിച്ചത് റോജർ ഫെഡററെ ആയിരുന്നുവെന്ന് സങ്കൽപ്പിക്കുക. ബാൽതാക്കറെ മുതൽ മാമ്മൻ മാത്യു വരെ യുള്ള ആർക്കെങ്കിലും അതിൽ പന്തികേട് തോന്നുമായിരുന്നോ? സാനിയയുടെ വിവാഹം അവ ളുടെ സ്വകാര്യമായ അന്തക്കേടിന്റെ ഭാഗമായി അവഗണിക്കാനോ ഒരു രാജ്യത്തിന്റെ പ്രതീകമെന്ന നിലയിൽ സാനിയയുടെ നീക്കത്തിന്റെ ഗുണദോഷങ്ങൾ ചർച്ചക്കെടുക്കാനോ മാധ്യമങ്ങൾക്ക് കഴി യുന്നതേയില്ല. സാനിയയുടെ മതവിരുദ്ധതയും ദേശവിരുദ്ധതയുമാണ് ഇപ്പോഴത്തെ വാർത്തകളുടെ കാണാച്ചരടുകൾ. സാനിയ ഭാവിയിൽ പാകിസ്താന്റെ താരമാവുമോ എന്ന ആശങ്ക പ്രകടിപ്പിക്കുമ്പോ ൾ തന്നെ അവളുടെ ഭർത്താവ് ശുഐബ് ഇന്ത്യയുടെ പാഡണിയുമോ എന്ന പ്രതീക്ഷ ഒരിടത്തുമി ല്ല. ഈ ശുഐബ് കഴിഞ്ഞ ഐ.പി.എല്ലിൽ ഡക്കാൻ ചാർജേഴ്സിന്റെ താരമായിരുന്നുവെന്നും ഓ ർക്കുക. മുസ്‌ലിംകളുമായി ബന്ധപ്പെടുന്ന വിഷയങ്ങളിൽ എന്തുകൊണ്ട് ഇത്തരമൊരു നെഗറ്റീവ് സമീപനം? എന്നല്ല സാനിയമാരെ ചവിട്ടിപ്പുറത്താക്കണമെന്ന ബാൽതാക്കറെയുടെ വ്യാമോഹങ്ങ ളല്ലേ പലപ്പോഴും ഈ വാർത്തകളുടെ കാതൽ?

ഈ സംഭവത്തിന് വൃത്തികെട്ട ഒരു മറുവശം കൂടിയുണ്ട്. പാക് ക്രിക്കറ്ററായ ജാവേദ് മിയാൻദാദിന്റെ മകൻ ഇന്ത്യൻ അധോലോക നായകനായ ദാവൂദ് ഇബ്റാഹീമിന്റെ മകളെ വിവാഹം കഴിച്ചപ്പോൾ മാധ്യമങ്ങളിൽ ഏതോ ദേശീയ ഉത്സവം പോലെയായിരുന്നു റിപ്പോർട്ട്. ക്രിക്കറ്റിന്റെ മനസ്സാക്ഷിയിലൂടെ നോക്കുമ്പോൾ ജാവേദ് മിയാൻദാദ് ഇന്ത്യയോടു ചെയ്തത് ഒരിക്കലും പൊറുക്കാനാവാത്ത തെറ്റായിരുന്നു. മിയാൻദാദ് ഇന്നെന്താണോ ആ പ്രശസ്തിക്കു പിന്നിൽ അദ്ദേഹത്തിന് പന്താടാൻ അവസരങ്ങൾ തുറന്നുകൊടുത്ത ഈ മഹാരാജ്യത്തിലെ പുൽമൈതാനങ്ങൾക്കും കളിയെ രാഷ്ട്രീയത്തിൽ നിന്ന് വേറിട്ടു കണ്ടവരുടെ ആർപ്പുവിളികൾക്കും പങ്കുണ്ടായിരുന്നില്ലേ? ഏതെങ്കിലും ഒരു പാകിസ്താനി അധോലോക നായകനുമായി ഇങ്ങനെയൊരു കുടുംബബന്ധം മിയാൻദാദ് ഉണ്ടാക്കിയെടുക്കുമോ? ഉദാഹരണത്തിന് റഹ്മാൻ ഡെക്കോയിത്ത്. പാകിസ്താനിലെ കറാച്ചിയിൽ ലയാരി എന്നൊരു സ്ഥലമുണ്ട്. അവിടെയാണ് ഈ ഡെക്കോയിത്ത് താമസിക്കുന്നത്. ആരെയെങ്കിലും കൊല്ലുകയോ ബലാത്സംഗം ചെയ്യുകയോ വേണമെങ്കിൽ ക്വട്ടേഷൻ സ്വീകരിക്കാനായി അങ്ങാടിയിൽ ഡെക്കോയിത്ത് ഓഫീസ് പോലും തുറന്നുവെച്ചിട്ടുണ്ട്. പകൽ സമയത്തു പോലും പൊതുജനം പുറത്തിറങ്ങാൻ ഭയക്കുന്ന പ്രദേശം. ഡെക്കോയിത്തിന്റെ കുടുബത്തിൽ നിന്നും പെണ്ണു തന്നാൽ മിയാൻദാദിന്റെ വീട്ടുകാർ അത് സ്വീകരിക്കുമായിരുന്നോ? മിയാൻദാദിനെ വിമർശിക്കാതിരുന്ന മാധ്യമങ്ങൾ സാനിയയുടെയും ശുഐബിന്റെയും പിറകെ കൂടുന്നിടത്താണ് താൽപര്യങ്ങൾ പരസ്യമായി ഏറ്റുമുട്ടുന്നത്. അറിയപ്പെടുന്ന ഏതെങ്കിലും പാകിസ്താനി ഇന്ത്യയുമായി സദുദ്ദേശപരമായ ബന്ധങ്ങൾ സ്ഥാപിക്കുന്നത് മാധ്യമങ്ങളിലെ സവർണമനസ്കർക്ക് ഒട്ടും സുഖിക്കുന്നതായിരുന്നില്ല. പാകിസ്താനികൾക്ക് ബന്ധം വേണമെങ്കിൽ ദാവൂദ് ഇബ്റാഹീമുമായിട്ടാകാം, പക്ഷേ സാനിയ-ശുഐബ് മോഡലിൽ, പൊതുജനങ്ങൾക്ക് പാകിസ്താനോട് എന്തെങ്കിലും അടുപ്പം തോന്നിയേക്കാവുന്ന രീതിയിലുള്ള ബന്ധങ്ങൾ സമ്മതിച്ചു തരാനാവില്ല.

സാനിയയുടെ വൈയക്തികമായ ഓരോ തീരുമാനങ്ങളെയും മതവുമായും രാജ്യവുമായും എങ്ങനെയാണ് നമ്മുടെ മാധ്യമങ്ങൾ കൂട്ടിക്കെട്ടുന്നതെന്നത് ജേർണലിസം വിദ്യാർഥികൾക്ക് ഗവേഷണം നടത്താവുന്ന വിഷയമാണ്. സാനിയ ഇസ്‌ലാമിന്റെ തത്ത്വങ്ങൾക്കെതിരാണെന്ന വാർത്തകളാണ് അരങ്ങേറ്റകാലത്ത് മാധ്യമങ്ങളിലുണ്ടായിരുന്ന ചൂടൻ വിശേഷം. പിന്നെയാണ് ദേശീയഗാന വിവാദവും പതാകാ വിവാദവുമൊക്കെ. അത്തരം സാഹചര്യങ്ങളിൽ അബദ്ധവശാൽ പോലും അകപ്പെട്ടാൽ സാനിയ പൊടുന്നനെ 'മുസ്‌ലിം' ആയി മാറുന്നതാണ് കാണാനുണ്ടായിരുന്നത്. ഇന്ത്യൻ മധ്യവർഗ സമൂഹത്തിൽ ഒരു മുസ്‌ലിമിന് മാധ്യമങ്ങൾ ഇടം നൽകുന്ന രീതിയാണിത്. ■